പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1047

01.07.2015 ൽ മറുപടിയ്ക്ക്

## അംഗീകാരമില്ലാത്ത സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. ഹംസ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തണമെന്ന ബാലാവകാശ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എൽ.പി./യു.പി. എന്നിവയുടെ ഘടന പുനർ നിർണ്ണയിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | (ബി) | സ.ഉ. (കൈ)നം. 154/13/പൊ.വി.വ. തീയതി 03.05.2013 പ്രകാരം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി ഒന്നു മുതൽ അഞ്ച് വരെ ക്ലാസ്സുകളെ പ്രൈമറി വിഭാഗത്തിലും ആറ് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളെ അപ്പർ പ്രൈമറി വിഭാഗത്തിലും ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 06.06.2013 ലെ സർക്കുലർ നമ്പർ എച്ച്1/35486/13 പ്രകാരം 5 –ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി സ്കൂളെന്നും, 8-ാം ക്ലാസ്സ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർ നാമകരണം ചെയ്യാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | എസ്.എസ്.എ. പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ ഒന്നു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ എല്ലാ പെൺകുട്ടികൾക്കും എസ്.സി., എസ്.റ്റി ആൺകുട്ടികൾക്കും ബിപി.എൽ. വിഭാഗം ആൺകുട്ടികൾക്കും കേന്ദ്ര മാനദണ്ഡ പ്രകാരം സൗജന്യ യൂണിഫോം ഏർപ്പെ ടുത്തിയിരുന്നു. 2013-14 വർഷം മുതൽ അതേ |

കാറ്റഗറിയിൽപ്പെട്ട എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കു കൂടി പദ്ധതി വിപുലപ്പെടുത്തി 19.11.2013 - ൽ സ.ഉ. (കൈ.) നമ്പർ 298/13 പൊ.വി. പ്രകാരം ഉത്തരവായിരുന്നു. കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ മാനദണ്ഡ പ്രകാരം എ.പി.എൽ. വിഭാഗം ആൺകുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിന് കഴിയുന്നതല്ല.

സെക്ഷൻ ഓഫീസർ